**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5315**

**01/07/2019 ലെ മറുപടിയ്ക്ക്**

**<u>സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പോളിസി</u>**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ഡോ: ടി. എം.തോമസ് ഐസക്**<br>ധനകാര്യവും കയറും വകുപ്പുമന്ത്രി |
| എ | സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പോളിസി എടുത്തിട്ടുള്ള എല്ലാ ജീവനക്കാർക്കും പോളിസി സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി നൽകാത്ത സാഹചര്യത്തിൽ പോളിസി കാലാവധി പൂർത്തിയാകുമ്പോൾ തുക ലഭിക്കുവാൻ പോളിസികൾ ഓരോന്നിനും പ്രത്യേകം മുദ്രപത്രത്തിൽ സത്യവാങ്മൂലം നൽകണമെന്ന നിബന്ധന ലഘൂകരിക്കുവാൻ നിലവിലുള്ള ചട്ടങ്ങൾ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ; | സ്റ്റേറ്റ് ഇൻഷ്വറൻസ് പോളിസി സർട്ടിഫിക്കറ്റ് ലഭിക്കാത്ത ജീവനക്കാർ തുക ലഭിക്കുവാൻ പ്രത്യേക മുദ്രപ്പത്രത്തിൽ സത്യവാങ്മൂലം നൽകണമെന്ന നിബന്ധന നിലവിലില്ല. ലഭിച്ച പോളിസികൾ തിരിച്ചു കിട്ടാനാവാത്ത വിധം നഷ്ടപ്പെട്ടു പോകുകയോ, നശിച്ചു പോകുകയോ ചെയ്യുന്ന സാഹചര്യത്തിൽ മാത്രമാണ് പ്രത്യേക മുദ്രപ്പത്രത്തിൽ സത്യവാങ്മൂലം നൽകണമെന്ന നിബന്ധനയുള്ളത്. ആയതിനാൽ പ്രസ്തുത നിബന്ധന ഭേദഗതി വരുത്തേണ്ട സാഹചര്യം നിലവിലില്ല. |
| ബി | സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് വരിസംഖ്യ രേഖകൾ അടിസ്ഥാന രേഖയായി പരിഗണിച്ച് പോളിസി കാലാവധി പൂർത്തിയാകുമ്പോൾ തുക ലഭ്യമാക്കുന്നതിന് ചട്ടങ്ങൾ പരിഷ്കരിക്കുമോ? | നിലവിലുള്ള ഇൻഷ്വറൻസ് റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യയുടെ നിയമങ്ങൾ അനുസരിച്ചാണ് എസ്.എൽ.ഐ. പോളിസികളുടെയും ചട്ടങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. അതു പ്രകാരം പോളിസി പ്രീമിയം രേഖകൾ, ജീവനക്കാരന്റെ അപേക്ഷ, ഡിസ്ചാർജ് വൗച്ചറും രസീതും എന്നീ രേഖകൾ പരിഗണിച്ചു മാത്രമേ പോളിസി കാലാവധി പൂർത്തിയാകുമ്പോൾ തുക ലഭ്യമാക്കുവാൻ സാധിക്കുകയുള്ളൂ. എസ്.എൽ.ഐ ചട്ടങ്ങൾ മാത്രമായി പരിഷ്കരിക്കുവാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ